# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
## ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂൺ 06

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web:www.prd.kerala.gov.in.Email.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

### പ്രവേശനോത്സവം സംസ്ഥാനതല ഉദ്ഘാടനം
## ലഹരി മാഫിയെ ജനകീയമായി നേരിടും : മുഖ്യമന്ത്രി പിണറായി വിജയൻ

ഭാവിതലമുറയെ ഇല്ലാതാകാൻ ശ്രമിക്കുന്ന ലഹരി മാഫിയെ ജനകീയമായി നേരിടുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംസ്ഥാന പ്രവേശനോത്സവം തൃശൂരിലെ ചെമ്പൂച്ചിറ ഗവ. എച്ച് എസ് എസിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഊർജസ്വലമായ ഒരു യുവതയെ ഇല്ലാതാക്കാനുള്ള ശ്രമമാണ് ലഹരി മാഫിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്നത്. വലിയ വേരുകളാണ് ഇവർക്കുള്ളത്. ഇത്തരക്കാരെ വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ജനകീയ പ്രചാരണം നടത്തി നേരിടും-മുഖ്യമന്ത്രി പറഞ്ഞു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ സ്കൂളിൽ വലിയ മാറ്റങ്ങളാണുണ്ടായത്. എന്നാൽ ഈ മാറ്റം എയ്ഡഡ് മേഖലയിൽ ഉണ്ടായിട്ടില്ല. എയ്ഡഡ് മേഖലയുടെ അഭിവൃദ്ധിക്കായി ചെലവാകുന്ന തുകയിൽ ഒരു കോടി രൂപ വരെ നൽകാൻ തയ്യാറാണെന്ന സർക്കാറിന്റെ വാഗ്ദാനം എത്ര എയ്ഡഡ് വിദ്യാലയങ്ങൾ പാലിച്ചു എന്നത് പരിശോധിക്കണം. അഭിവൃദ്ധിപ്പെടാത്ത തുരുത്തുകളായി മാറാൻ ഒരു എയ്ഡഡ് വിദ്യാലയത്തേയും അനുവദിക്കരുത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തണം. പൊതുവിദ്യാഭ്യസ സംരക്ഷണ യജ്ഞത്തോടു മുഖം തിരിച്ചു നിൽക്കുന്നത് സമൂഹത്തോട് ചെയ്യുന്ന നീതികേടാവും. നാടിന്റെ വിഭവശേഷി കൂടി ഉപയോഗപ്പെടുത്തി വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തണം. കുട്ടികളെ പ്രതികരണ ശേഷിയുള്ളവരാക്കി മാറ്റാൻ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിന് കഴിഞ്ഞുവെന്നും മുഖ്യമന്ത്രി പറഞ്ഞു. നീന്തൽ പരിശീലനം പാഠ്യപദ്ധതിയുടെ ഭാഗമാക്കിയ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ തീരുമാനത്തെ മുഖ്യമന്ത്രി സ്വാഗതം ചെയ്തു.

നീന്തൽ പരിശീലനം പാഠ്യപദ്ധതിയുടെ ഭാഗമാകുന്നതിനോടനുബന്ധിച്ച മുഖ്യമന്ത്രി സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലും നീന്തൽകുളങ്ങൾ നിർമ്മിക്കുമെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് അറിയിച്ചു. ഒന്നാംതരം മുതൽ 12-ാം തരം ഒറ്റ യൂണിറ്റ് എന്ന സങ്കൽപം വിദ്യാലയങ്ങളിൽ ഒരു കുടുംബാന്തരീക്ഷം സൃഷ്ടിക്കുമെന്നും അക്കാദമിക മികവ് കൈവരിക്കാർ ഇത് സഹായകമാവുമെന്നും അദ്ദേഹം പറഞ്ഞു. കേരളീയ വിദ്യാഭ്യാസത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുന്നതിന് ഈ പരിഷ്ക്കരണം സഹായിക്കും. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിനുള്ള ജനകീയ പിന്തുണ തുടരണം. വിദ്യാഭ്യാസ രംഗത്ത് അക്കാദമിക ആസൂത്രണം സാധ്യമായതാണ് ഈ വർഷത്തെ പ്രത്യേകത. ഇതിന്റെ മുന്നോടിയായി അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഓണാവധിക്ക് മുൻപ് സംസ്ഥാനത്തെ ഒന്നു മുതൽ ഏഴു വരെയുള്ള ക്ലാസ്സുകൾ ഹൈടെക് ആയി മാറും. ഇന്ത്യയിലെ ആദ്യ ഹൈടെക് സംസ്ഥാനമായി കേരളത്തെ മാറ്റാനാണ് വിദ്യാഭ്യാസ വകുപ്പ് ലക്ഷ്യമിടുന്നത്. രണ്ട് വർഷത്തിനുള്ളിൽ ഉത്തര, ദക്ഷിണ, മധ്യ മേഖകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള മൂന്ന് നീന്തൽകുളങ്ങൾ നിർമ്മിക്കുമെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി.

കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ മുഖ്യാതിഥിയായി. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ജൈവപച്ചക്കറി വ്യാപിക്കാനുള്ള പദ്ധതികൾ മുന്നോട്ട് പോകുന്നുവെന്നും വിദ്യാലയങ്ങളിലെ കാർഷിക ക്ലബുകളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുമെന്നും മന്ത്രി.

ഒന്നാം ക്ലാസ്സിലും പതിനൊന്നാം ക്ലാസ്സിലും പ്രവേശനം നേടിയ കുട്ടികളെ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വരവേറ്റതോടെയാണ് പ്രവേശനോത്സവ പരിപാടികൾക്ക് തുടക്കമായത്. പതിനൊന്നാം ക്ലാസ്സിലെ വിദ്യാർത്ഥികളുമായി മന്ത്രി സംവദിച്ചു. തുടർന്ന് ഒന്നാം തരത്തിലെ മുഴുവൻ കുട്ടികൾക്കും കുരുത്തോല തൊപ്പി കൈമാറി. 11-ാം തരം വിദ്യാർത്ഥികൾക്ക് പുസത്കങ്ങൾ നൽകി. തുടർന്ന് മുരുകൻ കാട്ടാക്കടയെഴുതിയ ഗാനത്തോടെ പ്രവേശനോത്സവത്തിന്റെ ദൃശ്യാവിഷ്ക്കാരത്തോടെ ഉദ്ഘാടന പരിപാടികൾക്ക് തുടക്കമായി.

എംഎൽഎ മാരായ ഇ ടി ടൈസൺമാസ്റ്റർ, പ്രൊഫ. കെ യു അരുണൻ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ്, ജില്ലാ കളക്ടർ ടി വി അനുപമ, എസ്സിഇആർടി ഡയറക്ടർ ഡോ. ജെ പ്രസാദ്, സീമാറ്റ് ഡയറക്ടർ ഡോ. എം എ ലാൽ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സിഇഒ ജെസി ജോസഫ്, ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്ഥിരം സമിതി അദ്ധ്യക്ഷ മഞ്ജുള അരുണൻ, മറ്റ് ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ ജീവൻ ബാബു സ്വാഗതവും സമഗ്ര ശിക്ഷാ പ്രോജക്ട് ഡയറക്ടർ ഡോ. എ പി കുട്ടികൃഷ്ണൻ നന്ദിയും പറഞ്ഞു. തുടർന്ന് വിദ്യാർത്ഥികളുടെ കലാപരിപാടികൾ അരങ്ങേറി.

# പ്രവേശനോത്സവം അടിമുടി ഹരിതചട്ടം പാലിച്ച്

ചെമ്പൂച്ചിറ സംസ്ഥാന സ്കൂൾ പ്രവേശനോത്സവ ചടങ്ങിൽ പങ്കെടുക്കാൻ വന്നവരെല്ലാം പേപ്പർ പേനയും പേപ്പർ ബാഗും കൊണ്ടാണ് വേദിക്കു സമീപമെത്തിയത് . ഹരിതചട്ടം നിർബന്ധമാക്കിയ ഈ പരിപാടിയിൽ പ്രവേശനകവാടത്തിനു സമീപം വിവിധ സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഒരുക്കിയ പവലിയനിൽ ആണ് ഇവ സൗജന്യമായി വിതരണം ചെയ്തിരുന്നത്. പ്രകൃതിക്ക് ഇണങ്ങാത്ത പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പരമാവധി കുറയ്ക്കുക എന്ന സന്ദേശം പ്രചരിപ്പിച്ചുകൊണ്ട് ജില്ലയിലെ 98 എൻഎസ്എസ് യൂണിറ്റിലെ 4500 ഓളം വളണ്ടിയർമാർ നിർമിച്ച 2500 ഓളം പേപ്പർ പേനകളും ബാഗുകളും ആണ് ഇവിടെ വിതരണം ചെയ്തത്. കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ആദ്യമായി ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾ ഒത്തുചേർന്നു പ്രവേശനോത്സവം നടക്കുന്ന ഈ അവസരത്തിൽ കേരള ജനതയ്ക്ക് പരിസ്ഥിതിസംരക്ഷണത്തിനുള്ള ആഹ്വാനവുമായിട്ടാണ് എൻഎസ്എസ് രംഗത്തുവന്നത്.

പേപ്പർ പേനയ്ക്കും ബാഗിനും പുറമെ ഒന്നാംതരത്തിലേക്കുള്ള കുട്ടികളെ സ്വീകരിക്കാൻ കുരുത്തോലത്തൊപ്പി, ഉദ്ഘാടനത്തിന് വിളക്കുകൊളുത്താൻ കുരുത്തോലയിലും വാഴപിണ്ടിയിലും തീർത്ത നിലവിളക്ക്, പ്ലാസ്റ്റിക് അലങ്കാരങ്ങൾക്കു പകരം കുരുത്തോല തോരണങ്ങളും, ഫ്ലെക്സിന് പകരം തുണിയിൽ തീർത്ത ബോർഡുകൾ എന്നിവയാണുണ്ടായിരുന്നത്. ചായയും വെള്ളവും നൽകാൻ സ്റ്റീൽ, ചില്ലു ഗ്ലാസ്സുകൾ ആണ് ഉപയോഗിച്ചത്.സ്കൂളിലും പ്ലാസ്റ്റിക് പൂർണമായി നിരോധിച്ചിട്ടുണ്ട്. കുട്ടികളുടെ വാട്ടർ ബോട്ടിലുകൾ സ്റ്റീൽ ആക്കണമെന് നിർദേശിക്കുകയും, കുട്ടികൾക്ക് സ്കൂളിൽ നിന്നും ആവശ്യമുള്ളത്ര തിളപ്പിച്ചാറിയ വെള്ളം സ്റ്റീൽ, ചില്ലു ഗ്ലാസ്സുകളിൽ നൽകാനുമുള്ള സൗകര്യം സ ്കൂളിലെ വിവിധ സ്ഥലങ്ങളിൽ ഒരുക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികൾക്ക് ഉച്ചക്കഞ്ഞി നൽകാൻ സ്റ്റീൽ പ്ലേറ്റുകളാണ് ഉപയോഗിച്ചുവരുന്നത്.

പ്രവേശനോത്സവം പൂർണമായും പ്രകൃതി സൗഹൃദപരമാക്കാൻ ജില്ലാകളക്ടറുടെ നിർദേശ പ്രകാരം സ്കൂൾ പ്രിൻസിപ്പൽ, ഹെഡ്മിസ്ട്രസ് അടക്കമുള്ള അധ്യാപക അനധ്യാപകരുടെ 10 അംഗ കമ്മറ്റി രൂപീകരിച്ചിരുന്നു. പേപ്പർ പേന, പേപ്പർ ബാഗ് വിതരണം വിജയമാക്കാൻ ജില്ലയിലെ വിവിധ എൻഎസ്എസ് ഭാരവാഹികളും 98 സ്കൂളുകളിലെ പ്രോഗ്രാം ഓഫിസർമാരും പൂർണ പിന്തുണയോടെ ഇതിന്റെ ഭാഗമായി. പ്രവേശനോത്സവത്തിനു മുൻപും ശേഷവും സ്കൂൾ വൃത്തിയാക്കാൻ സൗജന്യ സേവനം നൽകിയ 1 ,2 ,3 , 23 വാർഡുകളിലെ തൊഴിലുറപ്പു തൊഴിലാളികളും, നാട്ടുകാരും പ്രകൃതി സൗഹൃദ പ്രവേശനോത്സവത്തിലെ കണ്ണികളാണ്.

# പ്രവേശനോത്സവം ഗംഭീരമാക്കി കയ്പമംഗലം നിയോജകമണ്ഡലത്തിലെ സ്കൂളുകൾ

പ്രവേശനോത്സവം ഗംഭീരമാക്കി കയ്പമംഗലം നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളുകൾ. സ്വകാര്യവിദ്യാലയങ്ങളെ വെല്ലുന്നവിധം ഒരുക്കങ്ങളും സജ്ജീകരണങ്ങളുമായിട്ടായിരുന്നു ഇത്തവണ സർക്കാർ വിദ്യാലയങ്ങൾ വിദ്യാർത്ഥികളെ വരവേറ്റത്. അധ്യാപകർ മധുരം നൽകിയും ബലൂൺ നൽകിയും കുട്ടികളെ കയ്യിലെടുത്തു. സ്കൂൾ ബാഗുകൾ, കുടകൾ, സ്കൂൾ വിദ്യാഭ്യാസ കിറ്റുകൾ, വൃക്ഷത്തൈകൾ തുടങ്ങിയ സമ്മാനങ്ങളുമായാണ് സ്കൂളുകൾ കുട്ടികളെ സ്വീകരിച്ചത്. പിടിഎ, പഞ്ചായത്ത്, നാട്ടുകാർ എന്നിവരുടെ സഹകരണത്തോടെ ഉത്സവാന്തരീക്ഷത്തിലായിരുന്നു സ്കൂളുകൾ. വിദ്യാർത്ഥിസംഘടനകളും അവരുടെതായ രീതിയിൽ പുതുവിദ്യാർത്ഥികൾക്ക് സ്വാഗതമേകി. സർക്കാർ നടപ്പാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കൂടുതൽ കുട്ടികളെ സർക്കാർ സ്കൂളുകളുടെ ഭാഗമാകുന്നതിന് സഹായിച്ചു. സർക്കാർ എൽ.പി സ്കൂളുകളിലും ഇക്കുറി ഒന്നാം ക്ലാസിലേക്കും പ്രീപ്രൈമറിയിലേക്കും അഡ്മിഷൻ തേടിയെത്തിയ വിദ്യാർഥികളുടെ എണ്ണത്തിൽ വൻ വർധനവാണ് ഉണ്ടായിട്ടുള്ളത്. മതിലകം ബ്ലോക്കിൽ 2137 കുട്ടികളുടെ വർദ്ധനവുണ്ടായിട്ടുണ്ട്. മുൻവർഷത്തേക്കാൾ പത്ത് ശതമാനം വർദ്ധനവാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. ആറാം പ്രവൃത്തി ദിനത്തിലെ കണക്കെടുപ്പ് പൂർത്തിയാകുമ്പോൾ എണ്ണം ഇനിയും കൂടുമെന്നാണ് കരുതുന്നത്. ഒന്നു മുതൽ 10 വരെയുള്ള ക്ലാസുകളിലെ മുഴുവൻ വിദ്യാർത്ഥികളുടെയും എണ്ണം കണക്കാക്കിയിട്ടുണ്ട്. പ്രവേശനോത്സവത്തോടനുബന്ധിച്ച് ഘോഷയാത്രയും കലാപരിപാടികളും സ്കൂളുകളിൽ സംഘടിപ്പിച്ചു

കയ്പമംഗലം നിയോജകമണ്ഡലം തല പ്രവേശനോത്സവം എറിയാട് കേരളവർമ്മ ഹയർസെക്കൻഡറി സ്കൂളിൽ നടന്നു. എറിയാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രസാദിനി മോഹനൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ തൃശൂർ ജില്ലാ പഞ്ചായത്ത് അംഗം നൗഷാദ് കൈതവളപ്പിൽ മുഖ്യാതിഥിയായി. അഞ്ചാം ക്ലാസ്സിലേക്ക് പുതിയതായി പ്രവേശനം നേടിയ കുട്ടികൾക്ക് പൂർവ്വ വിദ്യാർത്ഥി സംഘടനാ പ്രതിനിധി ഇ വി രമേശൻ കുടകൾ സമ്മാനിച്ചു. പി ടി എ പ്രസിഡന്റ് അബ്ദുൽ അസീസ്, വിവിധ വാർഡ് അംഗങ്ങൾ, ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

കയ്പമംഗലം പഞ്ചായത്ത് തല പ്രവേശനോത്സവം ചളിങ്ങാട് ജി.എം.എൽ.പി സ്കൂളിൽ നടന്നു. പഞ്ചായത്ത് പ്രസിഡന്റ് ടി.വി.സുരേഷ് ബാബു ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ ഫൗസിയ ഷെമീർ അദ്ധ്യക്ഷത വഹിച്ചു. മതിലകം ബ്ലോക്ക് പഞ്ചായത്തംഗം നൂറുൽ ഹുദാ, പ്രധാനധ്യാപിക ആർ.വി.ഗിൽസ, എന്നിവർ സംസാരിച്ചു.

മതിലകം ബ്ലോക്ക് തല പ്രവേശനോത്സവം പെരിഞ്ഞനം ഗവ:യു .പി .സ്കൂളിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ.അബീദലി ഉദ്ഘാടനം ചെയ്തു. പെരിഞ്ഞനം പഞ്ചായത്ത് പ്രസിഡന്റ് കെ.കെ.സച്ചിത്ത് അദ്ധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ എം.എ.വിജയൻ നവാഗതരെ സ്വീകരിച്ചു. ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ സി.കെ.ഗിരിജ സമ്മാനദാനം നടത്തി. പഞ്ചായത്ത് വൈസ് പ്രസിഡന്റ് സ്മിത ഷാജി, പി.ടി.എ. പ്രസിഡന്റ് കെ.പി.രവി പ്രകാശ് എന്നിവർ സംസാരിച്ചു.

പെരിഞ്ഞനം പഞ്ചായത്ത് തല പ്രവേശനോത്സവം ആർ.എം.വി.എച്ച്.എസ് .സ്കൂളിൽ പഞ്ചായത്ത് പ്രസിഡന്റ് കെ.കെ.സച്ചിത്ത് ഉദ്ഘാടനം ചെയ്തു. പി.ടി.എ. പ്രസിഡന്റ് കെ.കെ.നാസർ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ പി.എ.സുധീർ വൃക്ഷത്തൈ വിതരണം നടത്തി. വൈസ് പ്രസിഡന്റ് സ്മിത ഷാജി, പ്രിൻസിപ്പാൾ ഡോ.ആർ.അനിൽകുമാർ, ബി.ബീബ, മാനേജർ ഫാത്തിമ മോഹനൻ, എൻ.കെ.അബ്ദുൾ നാസർ എന്നിവർ സംസാരിച്ചു.

കയ്പമംഗലം വിജയഭാരതി സ്കൂളിലെ പ്രവേശനോത്സവം നടൻ ജയരാജ് വാര്യർ ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ സോമൻ താമരക്കുളം അദ്ധ്യക്ഷത വഹിച്ചു. പ്രധാനധ്യാപിക പി.ഷീന, ബഷീർ, വി.എം.ഒഫാർ എന്നിവർ സംസാരിച്ചു.

ചെന്ത്രാപ്പിന്നി ഹയർ സെക്കന്ററി സ്കൂളിൽ പ്രവേശനോത്സവം എടത്തിരുത്തി പഞ്ചായത്ത് പ്രസിഡന്റ് ബൈന പ്രദീപ് ഉദ്ഘാടനം ചെയ്തു. പി.ടി.എ.പ്രസിഡന്റ് വി.കെ.ജ്യോതി പ്രകാശ് അദ്ധ്യക്ഷത വഹിച്ചു. സ്കൂൾ മാനേജർ ഉഷ ശങ്കരനാരായണൻ സന്ദേശം നൽകി. പ്രധാനാധ്യാപകൻ പി.ബി. കൃഷ്ണകുമാർ, പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ രഞ്ജിനി സത്യൻ, പി.ബി.സജീവ് എന്നിവർ സംസാരിച്ചു. മുൻ അധ്യാപിക രാധാമണി സ്കൂൾ ലൈബ്രറിയിലേക്ക് 25,000 രൂപയുടെ പുസ്തകങ്ങൾ കൈമാറി. ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ഉപഹാരവും നൽകി.

എം.ഐ.സി.ഒ .യു പി സ്ക്കൂൾ പ്രവേശനോത്സവം മതിലകം ബ്ലോക്ക് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മറ്റി ചെയർപേഴ്സൺ ഗിരിജ ഉദ്ഘാടനം ചെയ്തു. കയ്പമംഗലം ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ടി.വി.സുരേഷ് ബാബു മുഖ്യാതിഥിയായി. വിദ്യാഭ്യാസ സമ്മാനകിറ്റ് വിതരണം സ്ക്കൂൾ മാനേജർ സി.എ.അബ്ദുൾ റഷീദ് നടത്തി. വിശിഷ്ടാതിഥിയായ കവി സുധീഷ് അമ്മ വീട് കുട്ടികളെ കഥയും പാട്ടും പാടി ആഹ്ലാദിപ്പിച്ചു. വാർഡ് മെമ്പർ ജിസ്നി ഷാജി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ നന്ദൻ മാസ്റ്റർ പ്രവേശനോത്സവ സന്ദേശം വായിച്ചു സ്കൂൾ പ്രധാനാദ്ധ്യാപിക റംല സ്വാഗതവും, സ്റ്റാഫ് സെക്രട്ടറി കെ. ഡി. ഹേമ നന്ദിയും പറഞ്ഞു.

## ഇരിങ്ങാലക്കുട ബ്ലോക്ക്തല പ്രവേശനോത്സവം

ഇരിങ്ങാലക്കുട സബ് ജില്ലാ - ബ്ലോക്ക് തല പ്രവേശനോത്സവവും പഠന കിറ്റ് വിതരണവും നടന്നു. പൊറത്തിശ്ശേരി മഹാത്മാ യു പി സ്കൂളിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി എ മനോജ് കുമാർ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ വത്സല ശശി അധ്യക്ഷത വഹിച്ചു. ഒന്നാം ക്ലാസിലെ കുട്ടികൾക്കുള്ള പഠന കിറ്റ് മഹാത്മാ എഡ്യൂക്കേഷൻ ട്രസ്റ്റ് സെക്രട്ടറി കെ. വി. ശശിധരൻ വിതരണം ചെയ്തു. ഡയറ്റ് ഫാക്കൽറ്റി എം. ആർ. സനോജ് മുഖ്യാതിഥിയായി. ഇരിങ്ങാലക്കുട ബി പി ഒ എൻ. എസ്. സുരേഷ് ബാബു, പി ടി എ പ്രസിഡന്റ് പി. പി. പ്രസാദ്, എം പി ടി എ പ്രസിഡന്റ് സൗമ്യ രാജേഷ്, എസ് എസ് ജി കൺവീനർ ലക്ഷ്മി എന്നിവർ ആശംസകൾ നേർന്നു. സ്കൂൾ പ്രധാനാദ്ധ്യാപിക ഇ. ബി. ജീജി സ്വാഗതവും സീനിയർ അസിസ്റ്റന്റ് എം. ബി. ലിനി നന്ദിയും പറഞ്ഞു.

## മാള ബ്ലോക്ക് തല പ്രവേശനോത്സവം

മാള ബ്ലോക്ക് തല സ്കൂൾ പ്രവേശനോത്സവം എസ്. സി. ജി. എച്. എസ്. എസ്. കോട്ടക്കൽ സ്കൂളിൽ നടന്നു. മാള പഞ്ചായത്ത് പ്രസിഡന്റ് പി. കെ. സുകുമാരൻ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ടി. പി. രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. റോട്ടറി ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് പഠന കിറ്റ് വിതരണം ചെയ്തു. സ്കൂൾ പ്രധാന അദ്ധ്യാപിക സി ഫ്ള വറന്റ് വിഭ്യാഭ്യാസ മന്ത്രിയുടെ സന്ദേശം വായിച്ചു. ബി ആർ സി മാള സി ആർ സി കോർഡിനേറ്റർ സൈന ജോസഫ് പ്രവേശനോത്സവ സന്ദേശം പങ്കുവെച്ചു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സോന കരീം, സൂപ്രണ്ട് എ ഇ ഒ സുനിൽ കുമാർ, എൽ പി വിഭാഗം പ്രധാന അദ്ധ്യാപിക സി പ്രസന്ന, മാള പഞ്ചായത്ത്ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി. എസ്.ശ്രീജിത്ത്, ഡയറ്റ് ഫാക്കൽറ്റി വിമൽ വർഗീസ് തുടങ്ങിയവർ ആശംസകൾ നേർന്നു. എച് എസ് എസ് വിഭാഗം പ്രധാന അദ്ധ്യാപിക സി. ലയ സ്വാഗതവും ബി ആർ സി കോർഡിനേറ്റർ കെ. വി. ദിവ്യ നന്ദിയും പറഞ്ഞു.

## പ്രതിസന്ധി മറികടന്ന് മേത്തല ഗവ. യു.പി സ്കൂൾ

പ്രതിസന്ധികൾ മറികടന്ന് പ്രവർത്തനത്തിൽ മികച്ച പ്രകടനം കാഴ്ച വെച്ച് മേത്തല കുന്നംകുളം ഗവ. യു.പി സ്കൂൾ പ്രവേശനോത്സവത്തിൽ മാതൃകയായി. അൺ എക്കോണമിക് പട്ടികയിൽ ഉൾപ്പെട്ട സ്കൂളായിരുന്ന കുന്നംകുളം ഗവ യു.പി സ്കൂളിൽ ഈ വർഷം വിദ്യാർഥികളുടെ എണ്ണത്തിൽ ഗണ്യമായ വർധനവ് ഉണ്ടായി. തുടർന്നു നല്ല രീതിയിൽ

പ്രവേശനോത്സവം നടത്താൻ സ്കൂൾ അധികൃതർ തീരുമാനിക്കുകയായിരുന്നു. ആദ്യകാലത്ത് നിറഞ്ഞ വിദ്യാർഥികളുമായി പ്രവർത്തിച്ചിരുന്ന സ്കൂളിൽ പിന്നീട് സ്വകാര്യ സ്കൂളുകളുടെ വരവോടെ കുട്ടികളുടെ എണ്ണം കുറഞ്ഞു തുടങ്ങി. എണ്ണം കുറഞ്ഞതോടെ സർക്കാർ ഈ സ്കൂളിനെ അൺ എക്കോണമിക് പട്ടികയിൽ ഉൾപ്പെടുത്തുകയായിരുന്നു. പിന്നീട് സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വന്നതോടെ പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ, അധ്യാപകർ, നാട്ടുകാർ എന്നിവരുടെ സഹകരണത്തോടെ ഉയർന്ന നിലവാരത്തിലേക്ക് ഉയരാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഇതിന്റെ ഫലമായി 90 പുതിയ കുട്ടികളടക്കം 250 വിദ്യാർഥികളുമായി പ്രവേശനോത്സവം നടത്താൻ അധികൃതർക്ക് സാധിച്ചു. കുട്ടികളെ മധുരവും സമ്മാനവും നൽകിയാണ് സ്വീകരിച്ചത്. നഗരസഭ ചെയർമാൻ കെ.ആർ. ജൈത്രൻ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.എൻ. രാംദാസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കൗൺസിലർമാരായ എം.കെ. സഗീർ, രജി സതീശൻ, ജിജി ചന്ദ്രൻ, പ്രധാനാധ്യാപിക മേരി ഹെലൻ, പി.ടി.എ പ്രസിഡന്റ് എം.കെ.നന്ദകുമാർ, ബക്കർ മേത്തല, നഫീസ ജമാൽ എന്നിവർ പങ്കെടുത്തു.

## ജില്ലയിൽ മഞ്ഞ അലേർട്ട്

കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മഴ പ്രവചനം അനുസരിച്ച് ജൂൺ ഏഴ്, എട്ട് തീയതികളിൽ ജില്ലയിൽ നേരിയ തോതിലുള്ള മഴയും ഒമ്പത്, 10 തീയതികളിൽ ജില്ലയിൽ മഞ്ഞ അലേർട്ടും പ്രഖ്യാപിച്ചു. ജില്ലയിലെ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് ഈ ദിവസങ്ങളിൽ പ്രവചിക്കപ്പെട്ടിരിക്കുന്നത്. മഞ്ഞ അലെർട്ട് പ്രകാരം കാലാവസ്ഥയെ കരുതലോടെ നിരീക്ഷിക്കണം. സാഹചര്യങ്ങൾക്കനുസരിച്ചു അപ്ഡേറ്റ് ചെയ്യും. ഭയപ്പെടേണ്ട സാഹചര്യം ഇല്ല. അപകട സാധ്യത അപ്ഡേറ്റ് ചെയ്യപ്പെടുന്നതനുസരിച്ചു മുന്നൊരുക്കങ്ങൾ നടത്തും. കാലാവസ്ഥ പ്രവചനങ്ങൾ കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രം പുതുക്കുന്ന മുറയ്ക്ക് അലെർട്ടുകളിലും മാറ്റം വരാനുള്ള സാധ്യതയെന്നും അറിയിച്ചു.

## നിപ ഭീതി ഒഴിയുന്നു

നിപ്പ രോഗിയുമായി സമ്പർക്കത്തിലേർപ്പെട്ടിട്ടുള്ള പുതിയ കേസുകൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് തൃശൂർ ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. നിരീക്ഷണത്തിലുള്ളവർക്കാർക്കും തന്നെ ആശങ്കാജനകമായ ലക്ഷണങ്ങളൊന്നും തന്നെ നിലവിലില്ലയെന്ന് അറിയിച്ചു.

## നിപ : ബോധവൽക്കരണ ക്ലാസ്സ് ഇന്ന്

യുവജനക്ഷേമബോർഡ് ജില്ലാ യുവജന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി വാരാചരണത്തോടനുബന്ധിച്ച് ഇന്ന് (ജൂൺ എഴ്) രാവിലെ പത്ത് മണി മുതൽ നിപ വൈറസ് സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സും ജില്ലാ മാനസിക ആരോഗ്യ കേന്ദ്രം ശുചീകരണപരിപാടിയും സംഘടിപ്പിക്കുന്നു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എൻ കെ ഉദയപ്രകാശ് പരിപാടി ഉദ്ഘാടനം ചെയ്യും. യുവജനക്ഷേമബോർഡംഗം അഫ്സൽ കുഞ്ഞുമോൻ അദ്ധ്യക്ഷത വഹിക്കും. ആർഎംഒ ഡോ. ലക്ഷ്മി ബോധവൽക്കരണ ക്ലാസ്സ് നയിക്കും. ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ പി ആർ ശ്രീകല, ജില്ലാ കോർഡിനേറ്റർ ഒ എസ് സുബീഷ് എന്നിവർ പങ്കെടുക്കും.

## നിപ : സംശയനിവാരണത്തിന് വിളിക്കുക

ആകാശവാണി പ്രക്ഷേപണം ചെയ്യുന്ന ഡോക്ടറോട് ചോദിക്കാം ലൈവ് ഫോൺ ഇൻ പരിപാടിയിൽ ''നിപാരോഗം-ശ്രദ്ധിക്കേണ്ട കാര്യങ്ങളും മുൻ കരുതലുകളും'' വിഷയവുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് തൃശൂർ ജില്ലാ മെഡിക്കൽ ഓഫീസർ ഡോക്ടർ കെ.ജി.റീന മറുപടി നൽകും. സംശയ നിവാരണത്തിനായി വിളിക്കേണ്ട നമ്പർ 1707066. തൃശ്ശൂരിനു പുറത്തുനിന്നു വിളിക്കുന്നവർ 0487 എന്ന കോഡ് കൂടി ചേർക്കണം. വിളിക്കേണ്ട സമയം ശനിയാഴ്ച (ജൂൺ 8) രാവിലെ 11 മണി മുതൽ 12 മണി വരെ.

# കൃഷി മനുഷ്യന്റെ പ്രാഥമിക ഉത്തരവാദിത്വം : മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ

കൃഷി നമുക്ക് അന്യമായ ഒന്നല്ലെന്നും ഓരോ മനുഷ്യനും ഭക്ഷ്യവസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിൽ സ്വയം പര്യാപ്ത കൈവരിക്കേണ്ടതുണ്ടെന്നും അതിനാൽ കൃഷിയിൽ പങ്കാളികളാകേണ്ടത് മനുഷ്യന്റെ പ്രാഥമിക ഉത്തരവാദിത്ത്വമാണെന്നും കൃഷി വകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ. തൃശ്ശൂർ നെല്ലിക്കുന്ന് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ 'ഓണത്തിന് ഒരു മുറം പച്ചക്കറി' പച്ചക്കറി വികസന പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പച്ചക്കറി ഉൽപ്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കുന്നതിനും, സുരക്ഷിത പച്ചക്കറികളുടെ ജൈവ രീതിയിലുള്ള ഉൽപാദനം പ്രോത്സാഹിപ്പിക്കുകയുമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് സ്കൂൾ അങ്കണത്തിൽ ഒരുക്കിയ പച്ചക്കറി തോട്ടത്തിൽ മന്ത്രി തൈ നട്ടു. സ്കൂൾ വിദ്യാർത്ഥികൾക്ക് പച്ചക്കറിവിത്ത് വിതരണവും നിർവ്വഹിച്ചു.

ഈ സംരംഭത്തിലേയ്ക്കായി ജില്ലയിൽ കർഷകർക്കും വിദ്യാർത്ഥികൾക്കുമായി 5,25,000 വിത്ത് പായ്ക്കറ്റുകളും, 17 ലക്ഷം തൈകളും, എൻ.ജി.ഒ മുഖേന വിതരണത്തിനായി 62,850 വിത്ത് പാക്കറ്റുകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ പച്ചക്കറി കൃഷി വ്യാപിക്കുന്നതിനായി 210 സ്കൂളുകളിലായി പച്ചക്കറി തോട്ടവും നാല് ഇറിഗേഷൻ യുണിറ്റും നൽകിയിട്ടുണ്ട്. പദ്ധതി വിപുലീകരണത്തിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ 63 ലക്ഷം കുടുംബങ്ങൾക്കും 36 ലക്ഷം വിദ്യാർത്ഥികൾക്കുമായി പച്ചക്കറി തൈകളും വിത്തു പായ്ക്കറ്റുകളും വിതരണം ചെയ്യുന്നുണ്ട്. തൃശ്ശൂർ കോർപ്പറേഷൻ മേയർ അജിത വിജയൻ അദ്ധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് എഡ്യുക്കേഷൻ ഓഫീസർ എം.ആർ. ജയശ്രീ, ബ്ലോക്ക് പ്രോഗ്രാം കോർഡിനേറ്റർ ബെന്നി ജേക്കബ്, അസിസ്റ്റന്റ് പ്രൊവിൻഷ്യൽ സുപ്പീരിയർ ജ്യോതി ഫ്രാൻസിസ്, ഹെസ് മിസ്ട്രസ്സ് എസ്.എസ്.എച്ച്. സരിത പുലിക്കോട്ടിൽ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. തൃശ്ശൂർ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ അനിത കരുണാകരൻ സ്വാഗതവും ഡെപ്യൂട്ടി ഡയറക്ടർ കൃഷി വകുപ്പ് കെ.എസ്.മിനി നന്ദിയും പറഞ്ഞു.

## ക്വട്ടേഷൻ

ഈ സാമ്പത്തിക വർഷം തൃശൂർ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രത്തിൽ പ്രതിമാസ വാടക നിരക്കിൽ എയർ കണ്ടീഷൻ ഇല്ലാത്ത ടാക്സി കാറുകൾ നൽകുവാൻ താൽപര്യമുള്ളവരിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 15 വൈകീട്ട് 3 മണി. ഫോൺ : 0487-2332070, 9446155232.

### സ്റ്റുഡന്റ് ട്രാവലിങ് ഫെസിലിറ്റി കമ്മിറ്റി യോഗം

# വിദ്യാർത്ഥികളെ വരിയിൽ നിർത്താതെ, സീറ്റ് നിഷേധിക്കാതെ യാത്രാ സൗകര്യമൊരുക്കും

വിദ്യാർഥികളെ വരിയിൽ നിർത്താതെ, സീറ്റ് നിഷേധിക്കാതെ യാത്രാ സൗകര്യമൊരുക്കാൻ ജില്ലാതല സ്റ്റുഡൻറ് ട്രാവലിങ് ഫെസിലിറ്റി കമ്മിറ്റി യോഗം തീരുമാനിച്ചു. ഇത് സംബന്ധിച്ച ഹൈകോടതി നിർദേശപ്രകാരമാണിത്. പ്ലസ്ടു വരെയുള്ള സ്കൂൾ വിദ്യാർഥികൾക്കും സ്വാശ്രയ കോഴ്സിന് പഠിക്കുന്നവർ ഒഴികെ റെഗുലർ കോളജ് വിദ്യാർഥികൾക്കും പ്രിൻസിപ്പൽ നൽകുന്ന കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്. സഞ്ചരിക്കേണ്ട സ്ഥലം കാർഡിൽ രേഖപ്പെടുത്തേണ്ടതാണ്.

മറ്റുള്ളവർക്ക് പുതിയ കൺസഷൻ കാർഡ് വിതരണം ജൂലൈ ഒന്ന് മുതൽ ആരംഭിച്ച് ജൂലൈ 15നകം പൂർത്തിയാക്കും. ൺസഷൻ കാർഡ് വിതരണത്തിലെ അപാകതകൾ ഒഴിവാക്കുന്നതിനായി പാരലൽ കോളജുകൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ വിശദാംശങ്ങൾ അടങ്ങിയ അപേക്ഷ ജൂൺ 30ന് മുമ്പായി ആർ.ടി ഓഫീസിലും താലൂക്ക് തല സബ് ആർ.ടി ഓഫീസിലും സമർപ്പിക്കണം. സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, നടത്തുന്ന അംഗീകൃത കോഴ്സുകൾ, രജിസ്ട്രേഷനായി അപേക്ഷിക്കുമ്പോൾ ലഭിക്കുന്ന കൈപ്പറ്റ് രശീത്, സ്ഥാപന മേധാവി നൽകുന്ന സത്യവാങ്മൂലം, അനുവദിക്കപ്പെട്ട വിദ്യാർഥികളുടെ എണ്ണം

എന്നിവ അപേക്ഷയോടൊപ്പം നൽകണം. അപേക്ഷകൾ വിശദമായി പരിശോധിച്ച ശേഷം മാത്രമേ കൺസഷൻ കാർഡ് വിതരണം ചെയ്യൂ. വെബ് അധിഷ്ഠിത സർവീസ് ഉപയോഗപ്പെടുത്തി സുതാര്യമായ കൺസഷൻ കാർഡ് രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തും. രാവിലെ ആറ് മുതൽ വൈകീട്ട് ആറ് വരെയാണ് കൺസഷൻ സമയം. വൈകീട്ട് ഏഴ് വരെ കൺസഷൻ ലഭിക്കേണ്ടവർ അനുബന്ധ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് കൺസഷൻ നൽകും.

സ്കൂൾ പ്രതിനിധികളും പി.ടി.എ അംഗങ്ങളും പോലീസ് അധികാരികളും അടങ്ങുന്ന കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. കുട്ടികൾ കൂട്ടമായി നിൽക്കാതെ യഥാക്രമം ബസിൽ കയറ്റി വിടാനുള്ള നടപടി ഈ കമ്മിറ്റി സ്വീകരിക്കണം.

സ്കൂളുകളും കോളജുകളും ക്ലാസ് ആരംഭിക്കുന്ന സമയങ്ങളിൽ രാവിലെ എട്ട് മുതൽ 10 വരെയും അവസാനിക്കുന്ന സമയങ്ങളിൽ വൈകീട്ട് മൂന്ന് മുതൽ അഞ്ച് വരെയും പ്രധാനപ്പെട്ട ബസ്സ്റ്റോപ്പുകളിലും ബസ്സ്റ്റാൻഡുകളിലും പോലീസിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും സാന്നിധ്യവും നിരീക്ഷണവും ഉണ്ടാവും. സ്റ്റുഡൻറ് ട്രാവലിങ് ഫെസിലിറ്റി കമ്മിറ്റി തീരുമാനങ്ങൾ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കും. ജൂലൈ രണ്ടാം വാരം യോഗം ചേർന്ന് കമ്മിറ്റി തീരുമാനങ്ങൾ വിലയിരുത്തും.

യോഗത്തിൽ എ.ഡി.എം റെജി പി. ജോസഫ് അധ്യക്ഷത വഹിച്ചു. ജോയിൻറ് ആർ.ടി.ഒ ബി. ശ്രീപ്രകാശ്, പോലീസ്, കെ.എസ്.ആർ.ടി.സി പ്രതിനിധി, ബസ് ഉടമസ്ഥ സംഘം പ്രതിനിധി, വിദ്യാർഥി സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## പിഎസ്സി : പ്രായോഗികപരീക്ഷ

ജില്ലയിൽ എക്സൈസ് വകുപ്പിൽ ഡ്രൈവർ (എച്ച്ഡിവി) തസ്തികയുടെ (കാറ്റഗറി നമ്പർ : 659/2017) പ്രായോഗിക പരീക്ഷ ജൂൺ 11, 12, 13 തീയതികളിൽ തൃശൂർ മുളങ്കുന്നത്തുകാവിലുള്ള കേരള ആരോഗ്യ സർവകലാശാല ഗ്രൗണ്ടിൽ (ഗവണ്മെന്റ് മെഡിക്കൽ കോളേജിനു സമീപം ) രാവിലെ 6 മണി മുതൽ നടത്തും. ഈ തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് എസ്എംഎസ്, പ്രൊഫൈൽ മെസ്സേജ് എന്നിവ നൽകിയിട്ടുണ്ട് . ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ്, ഐടി കാർഡ് (ആധാർ അഭികാമ്യം), കറന്റ് ഡ്രൈവിംഗ് ലൈസൻസും വിശദാംശങ്ങളും എന്നിവയുടെ ഒറിജിനൽ സഹിതം അതാതു ദിവസങ്ങളിൽ രാവിലെ കൃത്യം 6 മണിക്ക് മേൽപ്പറഞ്ഞ ഗ്രൗണ്ടിൽ എത്തിച്ചേരണം. മെസ്സേജ് ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ തൃശ്ശൂർ ജില്ലാ ഓഫീസുമായി ബന്ധപ്പെടണം.

## ടെണ്ടർ

ഈ സാമ്പത്തികവർഷം മുല്ലശ്ശേരി ഐസിഡിഎസ് പ്രോജക്ടിൽ കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 20 ഉച്ചയ്ക് ഒരു മണി. ഫോൺ : 0487-2265570.

## പരാതിപരിഹാരസെൽ 20 ന്

ഒളരിക്കര ഇഎസ്ഐ ആശുപത്രിയിൽ ജൂൺ 20 വൈകീട്ട് മൂന്നിന് സൂപ്രണ്ടിന്റെ ഓഫീസിൽ പരാതിപരിഹാരസെൽ ചേരും. സ്ഥാപനത്തിന്റെ പ്രവൃത്തി സംബന്ധിച്ച പരാതി ഓഫീസിൽ നൽകാമെന്ന് സൂപ്രണ്ട് അറിയിച്ചു. ഫോൺ : 0487-2361239.

## വിവിധ പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു

സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളായ വിദ്യാകിരണം, വിദ്യാജ്യോതി, സ്വാശ്രയ, പരിണയം, തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള ധനസഹായം, മാതൃജ്യോതി, വിദൂരവിദ്യാഭ്യാസം ചെയ്യുന്നതിനുള്ള ധനസഹായം എന്നിവയ്ക്ക് 2019-20 സാമ്പത്തിക വർഷത്തിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും ചെമ്പൂക്കാവിലുള്ള ജില്ലാ സാമൂഹ്യനീതി ഓഫീസുമായോ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസുമായോ ബന്ധപ്പെടണം. അപേക്ഷ

സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 31. കൂടുതൽ വിവരങ്ങൾക്ക് www.sjd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭിക്കും.

## ദർഘാസ്

തൃശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസിന്റെ ആവശ്യത്തിന് 2019 ജൂൺ മുതൽ 2020 മാർച്ച് വരെയുള്ള കാലയളവിലേക്ക് നിബന്ധനകൾക്ക് വിധേയമായി വാഹനം വാടകയ്ക്ക് നൽകുവാൻ ദർഘാസ് ക്ഷണിച്ചു. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 18 ഉച്ചയ്ക്ക് രണ്ടു മണി. ഫോൺ : 0487-2321702.

## വൈദ്യുതി മുടക്കം

കെ എസ് ഇ ബി കൊടകര ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലെ 11 കെവി ലൈനിൽ അറ്റകുറ്റപണി നടക്കുന്നതിനാൽ ഇന്ന് (ജൂൺ 7) രാവിലെ 8 മുതൽ വൈകീട്ട് 5 വരെ വല്ലപ്പാടി, അഴകം, താറെക്കാട്ടുകര, കാരൂർ എന്നിവിടങ്ങളിൽ വൈദ്യുതി വിതരണം തടസ്സപ്പെടുമെന്ന് അസി. എഞ്ചിനീയർ അറിയിച്ചു.